# രാജാവ് നഗ്നനല്ല

തുഗ്ലക്ക് രാജാവ് നഗ്നനായിരുന്നു, സുതാര്യനായിരുന്നു. ഇന്ന് രാജാവ് ആടകളിൽ പൊതിഞ്ഞിരിക്കുകയാണ്. വർണ്ണപ്പതിട്ടാർന്ന ആടകൾ മാറിമാറിയണിഞ്ഞ് ഗ്രദ്ധതയിലേക്ക് ഊളിയിടുകയാണ്. വേഷങ്ങളുടെ പളപളപ്പിൽ മതിമറന്ന് പ്രജകൾ കൈയ്യടിച്ച് പ്രോത്സാഹിപ്പിക്കുന്നു. കൈയ്യടിക്കാത്തവരുടെ തലയറുക്കുവാനായി കിങ്കരന്മാർ ജനത്തിരക്കിനിടയിൽ ഊളിയിട്ട് നടക്കുന്നു. അവരുടെ കഴുകൻ കണ്ണുകൾ നിങ്ങളെ ചുറ്റിപ്പാറുന്നുണ്ട്. നിങ്ങൾ അന്ധരും ബധിരരും മൂകരും ആകുന്നില്ലെങ്കിൽ വെടിയുതിർത്ത് കൊല്ലാൻ ഉന്നം പാർത്തിരിക്കുന്നുണ്ട്. സിംഹവും കടുവയും പുലിയും പശുവും രാജാപാളയത്തിലേക്ക് മാർച്ച് ചെയ്യുകയാണ്. പട്ടിയും പൂച്ചയും പന്നിയും കഴുതകളും കാട്ടിൽ ഉപേക്ഷിക്കപ്പെട്ട് ഇരകളാക്കപ്പെടുകയാണ്, രാജാവ് നഗ്നനല്ല.....

@